# കടങ്കഥ

ക്ലാസ് 5
കേരളപാഠാവലി
യൂണിറ്റ് 2
ഒപ്പം ചിരിക്കാം
ഓർത്തുചിരിക്കാം

## പാഠാസൂത്രണം

**പാഠത്തിന്റെ പേര്** : കടങ്കഥ

**അധ്യാപികയുടെ പേര്** : രഞ്ജന.ആർ

**സ്കൂളിന്റെ പേര്** : എസ്.വി.എം.യു.പി.സ്കൂൾ, വെട്ടൂർ
പത്തനംതിട്ട

**പഠനലക്ഷ്യങ്ങൾ** : പുതിയ പദങ്ങൾ, ശൈലികൾ, ചൊല്ലുകൾ പ്രയോഗങ്ങൾ എന്നിവയുടെ അർത്ഥം, ആശയം, സാന്ദ്യാംശം മുതലായവ സന്ദർഭത്തിൽ നിന്നോ നിഘണ്ടുവിന്റെ സഹായത്താലോ, സംഘചർച്ചകളിലൂടെയോ കണ്ടെത്തി സ്വന്തം പ്രകടനങ്ങളിലും, രചനകളിലും ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുക.

**പ്രമേയം** : ഭാഷ

**ഉപപ്രമേയങ്ങൾ** : ഹാസസാഹിത്യം

**ആശയം/ധാരണ** : മലയാളത്തിന് സമ്പന്നമായ ഹാസ്യപാരമ്പര്യമുണ്ടെന്നും ജീവിതാനുഭവങ്ങളിൽ നിന്ന് ഹാസ്യം രൂപപ്പെടുന്നു എന്നും മനസ്സിലാക്കുന്നു.

**ശേഷി/നൈപുണി** : പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ നൂതനസന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.

: കടങ്കഥകൾ വിശകലനം ചെയ്ത് വ്യാഖ്യാനിക്കുന്നു.

**മൂല്യം/മനോഭാവം** : ജീവിതസന്ദർഭങ്ങളെ നർമ്മബോധത്തോടെ നേരിടുന്നു

: ഭാഷയിലെ ഹാസപാരമ്പര്യം തിരിച്ചറിഞ്ഞ് ഉൾക്കൊള്ളുന്നു.

**ഭാഷാവസ്തുതകൾ** : പുതിയപദങ്ങൾ

വ്യവഹാര രൂപങ്ങൾ : കടങ്കഥ, ചർച്ച, കടങ്കഥപ്പയറ്റ്, കടം

പഠനപ്രവർത്തനങ്ങൾ : അനുഭവങ്ങളുടെ പങ്കിടൽ, പ്രാദേശിക നാടോടിക്കഥകൾ വാചികമായി അവതരിപ്പിക്കൽ, ആസ്വദിക്കൽ വ്യാഖ്യാനിക്കൽ

: കടങ്കഥ ചർച്ചയും, കടങ്കഥ പയറ്റും

വിലയിരുത്തൽ : പ്രക്രിയ, പഠനത്തെളിവുകൾ

## പാഠത്തിലേക്ക്

വാമൊഴിയിലൂടെ തലമുറകളായി കൈമാറിയ ഭാഷാ-വ്യവഹാര രൂപമാണ് കടങ്കഥ. ഉന്നയിക്കുന്ന ചോദ്യത്തിന്റെ ഉത്തരം തിരിച്ചറിയുമ്പോഴാണ് കടങ്കഥയുടെ കാവ്യഭംഗി ആസ്വദിക്കാനാവുക. നേരിട്ടു പറയാതെ ഒരു വസ്തുവിനെ കുറിച്ച് ചുരുക്കം സൂചനകൾ പറയുന്നതിനാൽ കടങ്കഥയ്ക്ക് കവിതയോട് രൂപപരമായ അടുപ്പമുണ്ട്. കേൾവിക്കാരന് മുന്നിൽ ചിന്തയിലൂടെ പരിഹരിക്കേണ്ട ഒരു വെല്ലുവിളി ഉയർത്താൻ കടങ്കഥയ്ക്ക് കഴിയുന്നു. ചുറ്റുപാടുകളെക്കുറിച്ച് സർഗ്ഗാത്മകമായ നിരീക്ഷണങ്ങൾ നടത്താനും പുതിയ രീതിയിൽ ആവിഷ്കരിക്കാനും കടങ്കഥകൾ സഹായിക്കുന്നു.

## കടങ്കഥച്ചിത്രം

- പാഠപുസ്തകം Pg 28-ൽ കൊടുത്തിരിക്കുന്ന ചിത്രം PPT കാണിക്കുന്നു.
- ഇതിൽ ഒരു കടങ്കഥ ഒളിച്ചിരിപ്പുണ്ട് കണ്ടെത്താമോ?
- കുട്ടികളുടെ പ്രതികരണം

ആന കേറാമല ആട് കേറാമല
ആയിരം കാന്താരി പൂത്തിറങ്ങി

- തുടർന്ന് ടീച്ചർ ചില ചിത്രങ്ങൾ ക്ലാസിൽ കാണിക്കുന്നു.

  ഉദാ: ചിരവ (ഇല്ലത്തെപ്പടിക്ക് മുമ്പോട്ട് വാല്)

  കത്രിക (കണ്ടം കണ്ടം കണ്ടിക്കും
  തുണ്ടം പോലും തിന്നില്ല.)


  കിണർ (മുറ്റത്തെ ചെപ്പിനടപ്പില്ല)

  ചൂല് (ആയിരം പോലീസിന് ഒരു ബെൽറ്റ്)

- ഇവയുടെ ഭാഷാപരമായ പ്രത്യേകതകൾ ചർച്ച.

- കുട്ടികളുടെ കണ്ടെത്തലുകൾ ഉൾപ്പെടുത്തി ടീച്ചർ പദസൂര്യൻ തയ്യാറാക്കുന്നു.

കടങ്കഥകൾ ഇരട്ട അർത്ഥമുള്ളതും സാധാരണമായി പരിഹരിക്കുന്നതിനോ, ഉത്തരം നൽകുന്നതിനോ വെല്ലുവിളിയുള്ളതായ തന്ത്രപരമായ വാക്യങ്ങളോ ചോദ്യങ്ങളോ ആണ്.





- ഈ പദസൂര്യൻ ക്ലാസിൽ ചുമർ ചിത്രമായി ഒരുക്കുന്നു.

- അക്ഷരങ്ങളുടെ ആവർത്തന ഭംഗിക്ക് ഉദാഹരണം കുട്ടികൾ തന്നെ കണ്ടെത്തുന്നു

  "കണ്ടം കണ്ടം കണ്ടിട്ടും
  തുണ്ടം പോലും തിന്നില്ല"

- കണ്ടെത്തിയവ നോട്ടുപുസ്തകത്തിൽ കുറിക്കുന്നു. കൂടുതൽ കടങ്കഥകൾ കണ്ടെത്താൻ അവസരം നൽകുന്നു.
- ചുമർചിത്രം ശേഖരിച്ച് പുതിയ കടങ്കഥകൾ കുട്ടികൾ നിർമ്മിക്കുന്നു.




- 'കടങ്കഥ' പാഠഭാഗം കുട്ടികളുടെ മൗനവായന
- പാഠഭാഗത്തിൽ പരിചയപ്പെട്ട കടങ്കഥകൾ നോട്ടുപുസ്തകത്തിൽ കുറിക്കാൻ നിർദ്ദേശിക്കുന്നു.
- ടീച്ചറിന്റെ മാതൃകാവായന - കഥയ്ക്ക് അനുയോജ്യമായ ഈണവും ഭാവവും പാലിച്ചുകൊണ്ട്)
- കഥാഭാഗം ക്ലാസ് റൂം പ്രവർത്തന കയ്യ ഒരുക്കുന്നു.

- ടീച്ചർ മുത്തശ്ശന്റെയോ, മുത്തശ്ശിയുടെയോ സ്ഥാനം ഏറ്റെടുക്കുന്നു.
- ക്ലാസിനു പുറത്ത് മരത്തണലിൽ ടീച്ചറും കുട്ടികളും കഥാഭാഗം ആവിഷ്കരിക്കുന്നു.
- തുടർന്ന് മുത്തശ്ശൻ/ മുത്തശ്ശി സ്ഥാനം കുട്ടികൾ ഏറ്റെടുക്കുന്നു. വീണ്ടും അവതരണം നടത്തുന്നു
- കഥയിലെ കുട്ടികളി നിന്നുകൊണ്ട് ടീച്ചർ കഥയെ തനതായ രൂപത്തിൽ മുന്നോട്ടു കൊണ്ടുപോകുന്നു.
- ഈ കടങ്കഥാപ്പെട്ടി ഒഴിവു സമയങ്ങളിൽ കൂടുതൽ കടങ്കഥകൾ കണ്ടെത്തി നടത്താൻ കുട്ടികൾക്ക് അവസരം നൽകുന്നു.

— വിലയിരുത്തൽ —

കടങ്കഥാപ്പെട്ടിയിൽ കുട്ടികളുടെ അവതരണം ടീച്ചർ വിലയിരുത്തുന്നു.

## കടങ്കഥച്ചന്തം

" ആന കേറാമലയാടു കേറാമലേ-
ലായിരം കാന്താരി പൂത്തിറങ്ങി" (നീലാകാശത്തിൽ നക്ഷത്രങ്ങൾ പ്രകാശിക്കുന്നു)

- ഉത്തരം കണ്ടെത്തിയതിനു ശേഷം ഈ കടങ്കഥയുടെ സവിശേഷതകൾ കണ്ടെത്തുക.
- ചർച്ച

  - ആഖ്യാനഭംഗി
  - കാവ്യഭംഗി
  - പറയാതെ പറയുന്നതിന്റെ ഭംഗി
  - ഒളിപ്പിച്ചിരിക്കുന്ന ആശയത്തിന്റെ പൂർണ്ണത

ഉടുപ്പു ചുളിയ മധുരക്കാരൻ
ഉടുത്തൊരുങ്ങിയ മധുരക്കാരൻ
ഉടുപ്പഴിച്ചാൽ മധുരക്കാരൻ
ഉറുമ്പരിക്കും മധുരക്കാരൻ
ആരാണീ മധുരക്കാരൻ?
(ചോക്കലേറ്റ്)

## കഥയിലും കടങ്കഥ

- പറയിപെറ്റ പന്തിരുകുലത്തിലെ കഥാഭാഗം കുട്ടികൾക്ക് വായനയ്ക്ക് നൽകുന്നു. (കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാല)
- പാഠഭാഗത്തിലെ ചോദ്യത്തിനുത്തരം കുട്ടികൾ കഥ വായനയിലൂടെ കണ്ടെത്തുന്നു

" ഉണ്ണിനു നൂറെട്ടു കൂട്ടം കറി വേണം,
ഉണ്ടു കഴിഞ്ഞാൽ മൂന്നാളെ തിന്നണം
നാലാൾ ചുമക്കണം."

- കഥയുടെ വായനക്കുറിപ്പ് തയ്യാറാക്കുന്നു.
- വായനക്കുറിപ്പിൽ എന്തെല്ലാം?

  - സാഹിത്യകാരനെക്കുറിച്ച്
  - കൃതിയെക്കുറിച്ച്
  - ഏതു സാഹിത്യശാഖ
  - പ്രതിപാദ്യവിഷയം
  - കേന്ദ്രാശയം / പ്രധാനാശയം
  - സ്വന്തമായ നിരീക്ഷണം

## - വിലയിരുത്തൽ -

വായനക്കുറിപ്പ് ടീച്ചർ വിലയിരുത്തുന്നു.

- **കടങ്കഥയിലെ ഭാഷ**

- TB പേജ് 33 ചിത്രം സ്ലൈഡ് പ്രദർശിപ്പിക്കുന്നു
- അതിനെക്കുറിച്ച് പ്രതികരിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

| കടങ്കഥയിലെ ഭാഷ | സാധാരണ ഭാഷ |
|---|---|
| മുറ്റത്തെ ചെപ്പിനടപ്പില്ല | കിണർ |
| കൊക്കിരിക്കും കുളം വറ്റി | കൊളുത്തി വച്ച നിലവിളക്കിലെ എണ്ണ വറ്റി |
| മുള്ളുണ്ട് മുരിക്കല്ല. കയ്പുണ്ട് കാഞ്ഞിരമല്ല | പാവയ്ക്ക (കയ്പക്ക) |
| ഞെട്ടില്ലാ വട്ടയില | പപ്പടം |

- മറ്റു കടങ്കഥകളെക്കൂടി സാധാരണ ഭാഷയിൽ എഴുതാൻ നിർദ്ദേശിക്കുന്നു
- സാധാരണ ഭാഷയ്ക്കും കടങ്കഥയിലെ ഭാഷയ്ക്കും എന്തെല്ലാം വ്യത്യാസങ്ങളുണ്ട് - ചർച്ച

കടങ്കഥയിലെ ഭാഷ

- പറയാതെ പറയൽ
- ചിന്തയിലൂടെ പരിഹാരം
- സർഗാത്മകശേഷി
- ഒരു വാക്കിന് വ്യത്യസ്ത അർത്ഥസാധ്യതകൾ

- കുട്ടികൾ കുറിപ്പ് തയ്യാറാക്കുന്നു
- ഗ്രൂപ്പിൽ അവതരണം
- മികച്ചത് കണ്ടെത്താൻ
- പൊതു അവതരണം

ടീച്ചറുടെ വിലയിരുത്തൽ

വിലയിരുത്തൽ

- കടങ്കഥ പതിപ്പ് തയ്യാറാക്കുന്നു
- അനുബന്ധം 1, 2, കഥകൾ പഠനപ്രവർത്തനമായി ചെയ്യുന്നു. (HB)

## പ്രതിഫലനാത്മക കുറിപ്പുകൾ

# കടങ്കഥപ്പയറ്റ്

- വേലിപ്പൊത്തിൽ വൈരക്കല്ല് (മിന്നാമിനുങ്ങ്)
- സദ്യയ്ക്കു മുമ്പൻ, സദ്യ കഴിഞ്ഞാൽ പിമ്പൻ (വാഴയില)
- വെള്ളത്തിൽ പിറന്നു വായുവിൽ വളർന്നു (കൊതുക്)
- കുത്തുന്ന കാളയ്ക്ക് പിന്നിൽ കയറ് (സൂചി)
- കിടക്കുമ്പോൾ നെഞ്ചിനു മീതെ നടക്കുമ്പോൾ തലയ്ക്കു മീതെ (ആകാശം)
- കുന്നിക്കാട്ടിൽ കൊയ്ത്തരിവാൾ (ചന്ദ്രക്കല)
- കാലൊന്നേയുള്ളൂ, ഒത്ത ആളെ നടത്തും (കുട)
- അവിടെക്കണ്ടു, ഇവിടെക്കണ്ടു, പിന്നെക്കണ്ടില്ല (മിന്നൽ)
- അകത്തേക്ക് പോകുമ്പോൾ പച്ച, പുറത്തേക്ക് വരുമ്പോൾ ചുവപ്പ് (വെറ്റില മുറുക്കുന്നത്)
- അടയ്ക്കാം തുറക്കാം കിഞ്ഞിണിപ്പത്തായം (കണ്ണ്)
- അടിക്കാത്ത മുറ്റമേത് (ആകാശം)
- കറിക്കു വേണ്ടത് ഇലയ്ക്കു വേണ്ട (കറിവേപ്പില)
- മണ്ണിനടിയിൽ പൊന്നമ്മ (മഞ്ഞൾ)
- കാട്ടിലൊരു തുള്ളി ചോര (മഞ്ചാടിക്കുരു)
- കറുത്ത പാറയ്ക്ക് വെളുത്ത വേര് (ആനക്കൊമ്പ്)
- കാട്ടുപുല്ല് വീട്ടു സഭയിൽ (പുൽപ്പായ്)
- വട്ടത്തിൽ ചവിട്ടുമ്പോൾ നീളത്തിലോടും (സൈക്കിൾ)
- രാമനിലുണ്ട് സീതയിലില്ല
  പുത്രിയിലുണ്ട് മകളിലില്ല - രണ്ടക്ഷരമുള്ളൂ ഞാനാര്? (രാത്രി)
- വരുമ്പോൾ കുന്തം, പിന്നെ പലക (വാഴയില)
- മണ്ണിനുള്ളിൽ ചിറ്റുരുളി (ചേന)
- പെട്ടി പോലുള്ളൊരമ്മയ്ക്ക് കോലു പോലുള്ള മക്കൾ (തീപ്പെട്ടി)
- പൂട്ടാൻ പാടില്ല, തുറക്കാനാവില്ല (തൊട്ടാവാടിയില)
- പച്ചയ്ക്കൊരു തട്ട്, ചുട്ടാലൊരു കൊട്ട (പപ്പടം)
- പിടിച്ചാൽ പിടി കിട്ടില്ല, വെട്ടിയാൽ വെട്ടേൽക്കില്ല (വെള്ളം)